# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2770

18.06.2018-ന് മറുപടിയ്ക്ക്

## കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.ന്റെ കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസിനെ കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ഈ പദ്ധതിയുടെ കെട്ടിട നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു. ഇത് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ച് ഈ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ മുമ്പ് അനുവദിച്ച നിർമ്മാണ പ്രവർത്തനത്തിന്റെ പൂർത്തിയാകാത്ത പ്രവർത്തികൾ രണ്ടാം ഘട്ടമായി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള കെട്ടിടത്തിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ആയത് ലഭിക്കുന്നതിൽ എന്തെല്ലാം തുടർ നടപടികൾ നാളിതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് പ്രസ്തുത നിർമ്മാണം നടത്തുന്നത്. |
| (സി) ഈ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കുവാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തി കിഫ്ബി മുഖേനയുള്ളതല്ല. |
| (ഡി) നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി എന്നത്തേക്ക് കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) നിലവിലുള്ള പ്രവർത്തിയുടെ വർക്കുകൾ കഴിഞ്ഞാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Namitha

സെക്ഷൻ ഓഫീസർ